# പതിനൊന്നാം കേരള നിയമസഭ

**ആറാം സമ്മേളനം**

2003 ജൂൺ 19-ാം തീയതി വ്യാഴാഴ്ച

## വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)


**91. ബാലവേല നിരോധന നിയമം**
**92. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**
**93. കൊച്ചി മെഡിക്കൽ കോളേജിന് അംഗീകാരം ലഭിക്കുന്നതിന് നടപടി**
**94. സഹകരണ സ്ഥാപനങ്ങൾ പൊതുമേഖലാസ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി**
**95. 'ജിം' -ൽ ഒപ്പു വച്ച പദ്ധതികളുടെ പുരോഗതി**
**96. ധാതുമണൽ ഖനനത്തിലെ സ്വകാര്യ പങ്കാളിത്തം**
**97. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ**
**98. ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്ററുകൾ ഘടിപ്പിക്കാൻ നടപടി**
**99. റോഡ് യാത്രാസുരക്ഷ ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ**
**100. ചുമട്ടു തൊഴിലാളി നിയമം**
**101. സംസ്ഥാനത്ത് നിന്നും കയറ്റി അയയ്ക്കുന്ന കൈത്തറി തുണികൾ**
**102. കായംകുളം മുതൽ ആലപ്പുഴവരെ തീരപ്രദേശത്ത് നടക്കുന്ന കരിമണൽ ഖനനം**
**103. കശുവി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**
**104. തൊഴിൽ നയത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ**
**105. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**
**106. ആഗോള നിക്ഷേപക സംഗമത്തിലവതരിപ്പിച്ച പദ്ധതികൾ**
**107. ആർ.ടി.ഒ. ഓഫീസുകളിലെ ഫാസ്റ്റ് സമ്പ്രദായം**
**108. സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച അന്വേഷണം**
**109. മൊസാംബിക്കുമായി ചേർന്ന് കശുവണ്ടി വ്യവസായ പുനരുദ്ധാരണം**
**110. തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി**
**111. ഇ.എസ്.ഐ.യുടെ പരിധിയിൽ വരുന്ന തൊഴിലാളികൾ**
**112. പി.എസ്.സി.യെ മറികടന്നുകൊണ്ടുള്ള നിയമനങ്ങളും പ്രൊമോഷനുകളും സംബന്ധിച്ച് അന്വേഷണം**
**113. വ്യവസായ വികസന നടപടികൾ**
**114. കെ.എസ്.ആർ.റ്റി.സി. ഡിപ്പോ-ഓപ്പറേറ്റിംഗ് സെന്ററുകൾ അടച്ചുപൂട്ടുന്ന നടപടി**
**115. റെയിൽപ്പാതകളുടെ ഇരട്ടിപ്പിക്കൽ**
**116. ആഗോള നിക്ഷേപക സംഗമത്തിന് ചെലവഴിച്ച തുകയും ലഭിച്ച നിക്ഷേപങ്ങളും**
**117. കെ.എസ്.ആർ.റ്റി.സി.യിലെ ബസ്-സ്റ്റാഫ് അനുപാതം**
**118. കെ.എസ്.ആർ.ടി.സി ബസ്സുകൾ വൃത്തിയാക്കി സർവ്വീസ് ആരംഭിക്കുവാൻ നടപടി**
**119. സംസ്ഥാനത്തു നിന്നുള്ള കരകൗശല ഉൽപ്പന്നങ്ങളുടെ കയറ്റുമതി**
**120. തൊഴിൽ സാമൂഹ്യസുരക്ഷാരംഗത്തിന്റെ വികസനത്തിനായി എ.ഡി.ബി. സഹായത്തിൽനിന്നും നിശ്ചിത തുക വിനിയോഗിക്കണമെന്ന വ്യവസ്ഥ**


### ബാലവേല നിരോധന നിയമം

91. ശ്രീ. സി. മമ്മൂട്ടി :
ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല കർശനമായി നിരോധിക്കുന്നതിന് പുതിയ നിയമം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 14 വയസ്സിനുതാഴെയുള്ള കുട്ടികളെകൊണ്ട് നിർബന്ധിച്ച് പണിയെടുപ്പിക്കുന്ന തൊഴിലുടമകൾക്ക് കടുത്ത ശിക്ഷ വിധിക്കുന്ന വകുപ്പുകൾ നിയമത്തിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ചൂഷണത്തിന് വിധേയരാകുന്ന കുട്ടികൾക്ക് നിർബന്ധമായും സൗജന്യവിദ്യാഭ്യാസം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ബാബുദിവാകരൻ(തൊഴിൽ വകുപ്പ്മന്ത്രി) :-**

(എ) ഉണ്ട്

(ബി)പരിഗണിക്കുന്നതാണ്

(സി)നടപടിസ്വീകരിക്കുന്നതാണ്

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

92. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. സി. ടി. അഹമ്മദ് അലി :

ശ്രീ. കളത്തിൽ അബ്ദുളള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ പ്രവർത്തനം ലാഭകരമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. കെ.കുഞ്ഞാലികുട്ടി(വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ)യും(ബി)യും

അനുബന്ധമായി ചേർത്തിട്ടുണ്ട്

(സി)പൊതുമേഖല സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയുക്തമായിട്ടുളളത് എന്റർപ്രൈസസ് റിഫോംസ് കമ്മിററി ഇതുവരെ 27 പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിട്ടുളള വിശദമായ പുനരുദ്ധാരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 16 സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഒ.റ്റി.എസ്, വി.ആർ.എസ്.എന്നിവയിലൂടെ ഈ സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുക, സ്വകാര്യപങ്കാളിത്തത്തോടെ കുടുതൽ മൂലധന നിക്ഷേപവും ഉയർന്ന സാങ്കതികവിദ്യയും ലഭ്യമാക്കുക മുതലായവയാണ് ഇവ ലാഭത്തിലാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ബാക്കിയുളള സ്ഥാപനങ്ങളെക്കുറിച്ചും പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊച്ചി മെഡിക്കൽ കോളേജിന് അംഗീകാരം ലഭിക്കുന്നതിന് നടപടി**

93. ശ്രീ. എൻ. ശക്തൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ഡി. സുഗതൻ :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുഖമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെഡിക്കൽ കോളേജിന്റെ ഭരണനിർവ്വഹണം നടത്തുന്നതാരാണ്;

(ബി) അത് സഹകരണ മേഖലയിലുള്ള സ്ഥാപനമാണോ;

(സി) ഇതിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടിയിട്ടുണ്ടോ;

(ഡി) ഇല്ലാത്തപക്ഷം പ്രസ്തുത അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം ചെയ്യേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി) :-**

(എ)ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കോ- ഓപ്പറേറ്റിവ് അക്കാഡമി ഓഫ് പ്രഫഷണൽ എഡ്യൂക്കേശൻ(കേരള)എന്ന സ്ഥാപനത്തിന്റെ കീഴിലാണു കൊച്ചി മെഡിക്കൽ കോളജ് സ്ഥാപിച്ചിരുന്നത്. മുഖ്യമന്ത്രി ചെയർമാനും,സഹകരണവകുപ്പുമന്ത്രി വൈസ്ചെയർമാനുമായ ബോർഡുമായ ഓഫ് ഗവേണസിലാണ് ഇതിന്റെ ഭരണാധികാരം നിക്ഷിപ്തമായിട്ടുള്ളത്.ദൈനംദിന കാര്യങ്ങൾ നോക്കുന്നതിന് ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയുമുണ്ട്.

(ബി) സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമല്ല കേപ്. എന്നാൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലാണ് ഇത് പ്രവർത്തിക്കുന്നത്.

(സി) 2000–2001, 2001–2002 എന്നീ വർഷങ്ങളിൽ അംഗീകാരം ലഭിച്ചിരുന്നു. 2002–2003ൽ ആവശ്യമായ സൗകര്യത്തിന്റെ അഭാവത്തിൽ അംഗീകാരം ലഭിച്ചിട്ടില്ല.

(ഡി) 2002–2003ൽ ആവശ്യമായ സൗകര്യങ്ങൾ പരിമിതമായിരുന്നതിനാലാണ് അംഗീകാരം ലഭിക്കാതിരുന്നത്. മേൽപറഞ്ഞ കുറവുകൾ കോളേജിന്റെ പ്രത്യേക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരിഹിച്ചതിന്റെ അടിസ്ഥാനത്തിൽ 2003 മേയ് മാസം 5,6 തീയതികളിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ വീണ്ടും പരിശോധന നടത്തുകയുണ്ടായി. അവരുടെ റിപ്പോർട്ട് അറിവായിട്ടില്ല.

## <u>സഹകരണ സ്ഥാപനങ്ങൾ പൊതുമേഖലാസ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ നടപടി</u>

94. ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുഖമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നഷ്ടത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ ലാഭകരമാക്കാവുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാൻ സഹകരണ സ്ഥാപനങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള പണം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) ഇത് സംബന്ധിച്ച് വിശദ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ട് ലഭ്യമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പു മന്ത്രി):-**

(എ) യും (ബി)യും

പൊതുമേഖലാസ്ഥാപനങ്ങൾക്ക് സഹകരണമേഖലയിൽനിന്ന് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിലില്ല. പുതിയ പദ്ധതികൾ സമർപ്പിച്ചാൽ പരിശോധിക്കുന്നതാണ്. സഹകരണ സ്ഥാപനങ്ങളിലെ മിച്ചഫണ്ട് ഉപയോഗിക്കാൻ കഴിയുന്നതാണ്.

(സി) ഇത് സംബന്ധിച്ച പഠനമൊന്നും നടത്തിയിട്ടില്ല.

## <u>'ജിം' –ൽ ഒപ്പു വച്ച പദ്ധതികളുടെ പുരോഗതി</u>

95. ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ആഗോള നിക്ഷേപത സംഗമത്തിൽ ഒപ്പുവച്ച വ്യവസായ പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ഇവയിൽ എത്ര പദ്ധതികൾക്ക് ഇപ്പോൾ തുടക്കമിട്ടിട്ടുണ്ട്;

(സി) 'ജിം' –ൽ തുടക്കം കുറിച്ച ഏതെങ്കിലും പദ്ധതികളിൽ നിന്നും വ്യവസായ സംരംഭകർ പിറകോട്ടു പോയിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം വിശദമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) ആഗോളനിക്ഷേപക സംഗമത്തിൽ ഒപ്പുവച്ചപദ്ധതികൾ വിവിധ ഘട്ടത്തിലാണ്. ഇവ കൈവരിച്ച പുരോഗതി നിക്ഷേപ പ്രോത്സാഹനബോർഡ് വിലയിരുത്തുകയും ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 40 പദ്ധതികൾക്ക് അംഗീകാരം നൽകുകയുമുണ്ടായി. ടി പദ്ധതികളുടെ വിവരം അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.

(ബി) തുടക്കം കുറിച്ചതും പൂർത്തിയാക്കിയതും പ്രവർത്തനം നടന്നുവരുന്നതുമായ പദ്ധതികളുടെ വിവരം അനുബന്ധം 2ൽ ചേർത്തിരിക്കുന്നു.

(സി)യും (ഡി)യും

പദ്ധതികളിൽ പലതും പ്രാരംഭ ദിശയിലായതിനാലും ധാരണാപത്രങ്ങളുടെ കാലാവധിയായ 6 മാസം കഴിഞ്ഞിട്ടില്ലാത്തതിനാലും തിട്ടപ്പെടുത്താറായിട്ടില്ല.

## ധാതുമണൽ ഖനനത്തിലെ സ്വകാര്യ പങ്കാളിത്തം

96. ശ്രീ. പി. സി. ജോർജ് :

ശ്രീ. ടി. കെ. ദേവകുമാർ :

ശ്രീ. സാജു പോൾ:

ഡോക്ടർ തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതുമണൽ ഖനനം ചെയ്യാൻ സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതു കമ്പനിക്ക് എത്ര വർഷം ഖനനം നടത്താനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര ആണവോർജ്ജം, പരിസ്ഥതി എന്നീ വകുപ്പുകളുടെ അനുമതിക്ക് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാതുമണൽ ഖനനം സംബന്ധിച്ച ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് എപ്പോഴെല്ലാമാണ് വന്നിട്ടുണ്ടായിരുന്നത്;

(ഇ) എന്തെല്ലാം സംഗതികളിൽ ഉറപ്പായതിനുശേഷമാണ് മന്ത്രിസഭ ഖനനാനുമതിക്ക് അനുവാദം നൽകിയിട്ടുളതെന്ന് വിശദമാക്കാമോ;

(എഫ്) ജിമ്മിൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച ഈ രംഗത്തെ പൊതുമേഖലാ സംരംഭത്തെ ദുർബലപ്പെടുത്തുന്നതാണ് ഈ പദ്ധതിയെന്ന കാര്യം അവഗണിച്ച് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ജി) ഖനനം സംബന്ധിച്ച പഠനം നടത്താൻ നിയോഗിക്കപ്പെട്ട സമിതിയുടെ ഘടനയും പ്രവർത്തനവും ഫലപ്രദമായിരുന്നോ;

(എച്ച്) വിവിധ വിഭാഗം ജനങ്ങളുടെ എതിർപ്പിനെ അവഗണിച്ചു കൊണ്ട് തീരുമാനം എടുക്കാൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു എന്നറിയിക്കുമോ;

(ഐ) സർക്കാരിന്റെ തീരുമാനം റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പ്രദേശത്തെ ജനങ്ങൾ പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) സ്വകാര്യമേഖലയിൽ ധാതുമണൽ ഖനനത്തിന് അനുവാദം നൽകിയിട്ടില്ല. എന്നാൽ സംയുക്ത മേഖലയിലെ കായംകുളംപൊഴിക്ക് വടക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും കേന്ദ്ര ആണവോർജ്ജ വകുപ്പിന്റെയും കേന്ദ്ര ഖനന വകുപ്പിന്റെയും അനുമതിക്ക് വിധേയമായി ഖനനാനുമതി നൽകാൻ തീരുമാനമായിട്ടുണ്ട്.

(ബി) ഇൻഡ്യൻ റയർ എർത്ത്സ് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളൊഴികെ മറ്റാർക്കും ഇതുവരെ ഖനനാനുമതി നൽകിയിട്ടില്ല.

(സി) സംയുക്ത സംരംഭമായ കേരള റയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡിന്റെ അപേക്ഷകൾ മന്ത്രിസഭാ തീരുമാനപ്രകാരം കേന്ദ്ര പരിസ്ഥിതി വകുപ്പ് കേന്ദ്ര ആണവോർജ്ജ വകുപ്പ് എന്നിവയുടെ പരിശോധനയ്ക്കും കേന്ദ്ര ഖനനവകുപ്പിന്റെ അനുമതിക്കുമായും ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) 25–9–2002, 8–10–2002, 16–10–2002, 27–11–2002, 30–4–2003 എന്നീ തീയതികളിൽ നടന്ന നാല് മന്ത്രിസഭായോഗങ്ങലിൽ പരിഗണനയ്ക്ക് വന്നിട്ടുണ്ട്.

(ഇ)കേന്ദ്ര പരിസ്ഥതി വകുപ്പ്, ആണവോർജ്ജ വകുപ്പ് ഇവകളുടെ പരിശോധനയ്ക്ക് വിധേയമായി കേന്ദ്ര ഖനനവകുപ്പ് നൽകുന്ന അനുമതിക്കുശേഷമേ ഖനനാനുമതി നൽകുകയുള്ളു.

(എഫ്) ജിം–ൽ പ്രധാനമന്ത്രി പ്രഖ്യാപിച്ച നാഷണൽ മിനറൽോ ഡവലപ്മെന്റ് കോർപ്പറേഷൻ സംയുക്തമേഖലയിലെ പദ്ധതി ദോഷകരമല്ല. 2 പദ്ധതികളും രണ്ട് പ്രത്യേക സ്ഥലത്തായിട്ടാണ് ഖനനാനുമതിക്ക് അനുവാദം തേടിയിട്ടുള്ളത്.

(ജി) ഫലപ്രദമായിരുന്നു.

(എച്ച്) തീരപ്രദേശത്തെ സമ്പന്നമായ അമൂല്യധാതു സമ്പത്ത് വ്യാവസായികമായി ഉപയോഗിക്കുവാനും തദ്വാരാ തീരദേശവാസികൾക്ക് തൊഴിലും പ്രദേശിക വികസനവും ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയും പ്രകൃതിയുടെ പൊതുസന്തുലിതാവസ്ഥയ്ക്ക്

ഖനനം യാതൊരു മാറ്റവും ഉണ്ടാക്കുകയുല്ലയെന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് ഖനനാനുമതി നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

(ഐ) ഉണ്ട്.

## തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ

97. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിണിയിൽ നിന്നും രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ നേതൃത്വത്തിൽ പ്രക്ഷോഭണത്തിലാണെന്ന കാര്യം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിലെ തോട്ടം മേഖലയിൽ എത്ര തൊഴിലാളികളാണ് ഇപ്പോൾ തൊഴിൽരഹിതരായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടം മേഖല നേരിടുന്ന കാതലായ പ്രസ്നങ്ങൾ സംബന്ധിച്ച് തോട്ടം ഉടമകളെയും തൊഴിലാളി യൂണിയൻ പ്രതിനിധികളെയും വിളിച്ച് ചേർത്ത് ചർച്ച ചെയ്യാൻ തയ്യാറാകുമോ;

(ഡി) തോട്ടം തൊഴിലാളികളുടെ പട്ടിണിയെ നേരിടാൻ അടിയന്തിര ആശ്വാസമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ ( തൊഴിൽ വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ നേതൃത്വത്തിൽ തോട്ടം തൊഴിലാളികൾ റയിൽ തടയൽ സമരം നടത്തുകയുണ്ടായി. ഐ.എൻ.ടി.യു.സി., യു.ടി.യു.സി.ബി. തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ പീരുമേട് താലൂക്കിൽ ഒരു ദിവസത്തെ ഹർത്താൽ ഉൾപ്പെടെയുള്ള സമരങ്ങലും സി.ഐ.ടി.യു, എ.ഐ.ടി.യു.സി തുടങ്ങിയ സംഘടനകളുടെ നേതൃത്വത്തിൽ വഴി തടയൽ സമരവും നടത്തുകയുണ്ടായി.

(ബി) തേയിലയുടെ വിലക്കുറവും വർദ്ധിച്ച ഉൽപാദനച്ചെലവും നിമിത്തം പ്രതിസന്ധിയിലായ 20 തോട്ടങ്ങളിലായി 11579 സ്ഥിരം തൊഴിലാളികളും അത്രത്തോളം താൽക്കാലിക തൊഴിലാളികളും തൊഴിൽ രഹിതരായിട്ടുണ്ട്.

(സി) തോട്ടംമേഖല നേരിടുന്ന കാതലായ എല്ലാ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിൽ, ധനകാര്യം, വ്യവസായം സിവിൽ സപ്ലൈസ് എന്നീ വകുപ്പ് മന്ത്രിമാരും തോട്ടം ഉടമകളും തൊഴിലാളി പ്രതിനിധികളും കോഫീ ടീ ബോർഡ് പ്രതിനിധികളും സ്വകാര്യ ഏജൻസികളും വിവധ തൊഴിലാളിയൂണിയൻ പ്രതിനിധികളും മുതിർന്ന ഉദ്യോഗസ്ഥൻമാരും ഉൾോപ്പെട്ടുകൊണ്ട് ചർച്ചകൾ നടത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്ക്ഷതയിൽ രൂപീകരിച്ച പ്ലാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി 21-6-2003ൽ യോഗം ചേർന്ന് വീണ്ടും ഒരു ചർച്ച നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) 21-10-2002-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ചർച്ചയുടെ തീരുമാനങ്ങൽക്ക് അനുസൃതമായി തോട്ടംമേഖലയിലെ തൊഴിലാളികളുടെ പട്ടിണിയെ നേരിടാൻ സൗജന്യ റേഷൻ വിതരണവും എസ്.ജി.ആർ.വൈ പദ്ധതിയനുസരിച്ചുള്ള അരി വതരണവും ആരംഭിച്ചിട്ടുണ്ട്. അതിപ്പോഴും തുടർന്നു വരികയാണ്. സംസ്താനത്തെ തോട്ടംമേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 12-5-2003 മുതൽ 4 ആഴ്ചത്തെ സൗജന്യ റേഷൻ കൂടി, ഒരു കുടുംബത്തിന് ഒരാഴ്ച 10 കിലോഗ്രാം അരി വീതം നൽകി വരുന്നു. തുടർന്ന് തൊഴിലാളികൾക്ക് ജോലിയോ മറ്റ് വരുമാനമോ ലഭിക്കുന്നതുവരെ സൗജന്യറേഷൻ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നു. തോട്ടം മേഖലയിലെ 1മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതോടൊപ്പംതന്നെ എട്ട് മുതൽ പത്ത് വരെ ക്ലാസുകളിലെ കുട്ടികൾക്ക് കൂടി ഉച്ചഭക്ഷണം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ തൊഴിലാളികളുടെ കുടുംബാങ്ങങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിനായി വിവധ മേഖലകളിൽ സൗജന്യ മെഡിക്കൽ ക്യാംപുകളും നടത്തി വരുന്നു.

## ഓട്ടോറിക്ഷകളിൽ ഡിജിറ്റൽ മീറ്ററുകൾ ഘടിപ്പിക്കാൻ നടപടി

98. ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ജില്ലകളിലും ഓട്ടോറിക്ഷകളിൽ മീറ്ററുകൾ ഘടിപ്പിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തിപ്പിക്കുവാൻ ഡ്രൈവർമാർ തയ്യാറാകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഓട്ടോറിക്ഷകളിൽ ഡിജിററൽ മീറ്ററുകൾ ഘടിപ്പിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പരിഷ്കാരം എന്നത്തേയ്ക്ക് നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ആർ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ഇപ്രകാരം സവാരി നടത്തുന്ന ഓട്ടോറിക്ഷകൾക്കെതിരെ പെർമിറ്റ് സസ്പെൻഡ് ചെയ്യുക, ഡ്രൈവറുടെ ലൈസൻസ് റദ്ദ് ചെയ്യുക പിഴ ചുമത്തുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) & (ഡി) 15-3-2003ലെ ജി.ഒ(എം.എസ്) 9/2003ട്രാൻ.നം. സർക്കാർ ഉത്തരവ് പ്രകാരം കേരള മോട്ടോർ വെഹിക്കിൾ നിയമത്തിലെ 296-ാം ചട്ടപ്രകാരം പഞ്ചായത്ത് പ്രദേശങ്ങലിൽ ോടുന്ന ഓട്ടോറിക്ഷകൾക്ക് മീറ്റർ നിർബ്ബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ സംസ്ഥാനത്ത് ഓടുന്ന എല്ലാ ഓട്ടോ റിക്ഷകളിലും ട്രാൻസ്പോർട്ട് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഡിജിറ്റൽ ഫെയർ മീറ്ററുകൾ ഘടിപ്പിക്കുവാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടി ട്രാൻസ്പോർട്ട് കമ്മീഷണർ സ്വീകരിച്ചുവരുന്നു. ഇപ്പോൾ കമ്പോളത്തിൽ ഡിജിറ്റൽ ഫെയർ മീറ്ററുകൾ സുലഭമായി ലഭ്യമല്ലാത്തത് കാരണമാണ് ഡിജിറ്റൽ ഫെയർമീറ്ററുകൾ ഘടിപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ട്രാൻസ്പോർട്ട് കമ്മീഷണർ സ്വീകരിച്ചുവരുന്നു.

## റോഡ് യാത്രാസുരക്ഷ ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ

99. ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശേഷിച്ച് ദേശീയപാതയിൽ വാഹന അപകടങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് സുരക്ഷാ ചട്ടങ്ങളുടെ നിഷേധങ്ങൾക്കെതിരെയും ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെയും അധികൃതർ നടപടികൾ കൈക്കൊള്ളാത്തതുകൊണ്ടാണ് ഈ വർദ്ധനയെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ റോഡ് അപകടങ്ങളിൽ മരിച്ചവരുടെയും പരിക്കേറ്റവരുടെയും കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) യാത്രാസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കാൻ തയ്യാറാകുമോ;

(ഡി) റോഡുകളിൽ യഥാസമയം അററകുററപ്പണി നടത്താതിരിക്കുന്നത് അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റോഡപകടങ്ങൾ സംബന്ധിച്ച് അന്വേഷിച്ച് സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡ് സുരക്ഷാ ചട്ടങ്ങളുടെ നിഷേധങ്ങൾക്കെതിരേയും നിയമലംഘനങ്ങൾക്കെതിരേയും നടപടികൾ കൈക്കൊള്ളുന്നുണ്ട്. റോഡപകടങ്ങൾ വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ ഡ്രൈവർമാർ അശ്രദ്ധമായി വാഹനം ഓടിക്കുന്നതും വാഹനങ്ങളുടെ ബാഹുല്യവും റോഡു നിർമ്മാണത്തിലുള്ള അപാകതകളും അമിതവേഗതയും മറ്റുമാണ്. 2002-ാമാണ്ടിൽ 49460 പേർക്ക് വാഹനാപകടങ്ങളിൽ പരിക്ക് ഏൽക്കുകയും 2792 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) യാത്രാ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്.

(ഇ) (1)ബസ് ബോഡി നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം എമർജൻസി വാതിലുകൾ നിർബന്ധമാക്കി. ലൈസൻസ് നൽകുന്നതിനുള്ള പരിശോധന കൂടുതൽ കർശനമാക്കി. വാഹന പരിശോധനയ്ക്കായി 5 എൻഫോഴ്സ്മെന്റ് മൊബൈൽ സ്ക്വാഡുകൾ സ്ഥാപിച്ചു. ലേണേഴ്സ് ലൈസൻസ് നൽകുന്നതിനുള്ള ടെസ്റ്റ് കമ്പ്യൂട്ടർവൽക്കരിച്ചു. വേഗത പരിശോധനയ്ക്കായി ഹാൻഡ് ഹോൽഡ് റഡാറുകളും വയർലസ് സെറ്റുകളും വാങ്ങി.

(2) തീപിടുത്തംമൂലമുള്ള അപകടങ്ങൾ പലതും പ്രൊപ്പല്ലർ ഷാഫ്റ്റ് പൊട്ടി ഡീസൽടാങ്കിൽ ഇടിക്കുകയും അതുമൂലം ഡീസൽചോർച്ചയുണ്ടായി ഷാഫ്റ്റ് നിലത്തുകുത്തുമ്പോൾ സ്പാർക്കുണ്ടായി തീ പിടിക്കുകയും തന്മൂലം യാത്രക്കാർ തീയിൽപ്പെട്ട് മരിക്കുന്നത് ഒഴിവാക്കുന്നതിനായി പ്രൊപ്പല്ലർ ഷാഫ്റ്റ് ഒടിഞ്ഞാലും അതിനെ താങ്ങി നിർത്തുന്ന തലത്തിൽ ഒന്നോ അതിൽ കൂടുതലോ ബ്രാക്കറ്റുകൾ എല്ലാ ഹെവിമീഡിയം വാഹനങ്ങളിലും ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(3) വാഹനങ്ങളുടെ അമിത വേഗത കാരണമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ വാഹനങ്ങളിലും സ്പീഡ് നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 1-9-2003 മുതലാണ് ഇത് ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്.

## ചുമട്ടു തൊഴിലാളി നിയമം

100. ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ രൂപം നൽകിയ പുതിയ ചുമട്ടു തൊഴിലാളി നിയമം പ്രാബല്യത്തിൽ വന്നുവോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിയമസഭ പസ്സാക്കിയ ബില്ലുപ്രകാരം പുതിയ ചട്ടങ്ങൾക്കും നിയമങ്ങൾക്കും രൂപം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത നിയമം എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി) :-**

(എ) ഈ സർക്കാർരൂപം നൽകിയ കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് ( റെഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്) ആക്ട് 2002, 1-11-2002 ജി.ഒ(എം.എസ്)നം.74/2002/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 5-11-2002 മുതൽ സംസ്ഥാനത്തൊട്ടാകെ നിലവിൽ വന്നിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) നിയമസഭ പാസാക്കിയ കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് റെഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രക്ടീസസ്)- 2002 നിയമത്തിന്റെ ചട്ടങ്ങൾക്ക് 1-11-2002ലെ ജി.ഒ (എം.എസ്) നം.75/02/ലേബർ ഉത്തരവ് പ്രകാരം രൂപം നൽകി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത നിയമം 5-11-2002 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

## സംസ്ഥാനത്ത് നിന്നും കയറ്റി അയയ്ക്കുന്ന കൈത്തറി തുണികൾ

101. ശ്രീ. കെ. മുഹമ്മദാലി:

ശ്രീ. വി. ബാലറാം:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തുനിന്ന് എന്തു തുകയ്ക്കുള്ള കൈത്തറിത്തുകണികൾ കയറ്റി അയയ്ക്കുന്നു;

(ബി) ഇതിൽ കൈത്തറി സഹകരണസംഘങ്ങളുടെ പങ്ക് എന്തെന്ന് വ്യക്തമാക്കുമോ;

(സി) ജൈവ വസ്തുക്കളുപയോഗിച്ച് കൈത്തറി തുണികൾക്ക് വർണ്ണഭംഗി നൽകുന്നതിന് കൈത്തറിതുണികളുടെ പ്രിന്റിംഗ് നടത്തുന്നതിനും സംസ്ഥാനത്തുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൈത്തറിതൊഴിലാളികൾക്ക് പുതിയ ഡിസൈനുകൾ നൽകുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള സൗകര്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഏകദേശം 238 കോടിരൂപയുടെ വസ്ത്രങ്ങൾ കയറ്റി അയക്കുന്നതായി കണക്കാക്കുന്നു.

(ബി) കൈത്തറി സംഘങ്ങൾ 2000-2001-ൽ 336.92 ലക്ഷം രൂപക്കും 2001-2002-ൽ405.80 രൂപക്കുമുള്ള കയറ്റുമതി നടത്തുകയുണ്ടായി.

(സി) & (ഡി)

ദീൻദയാൽ കൈത്തറി വികസന പദ്ധതിയിൽപെടുത്തി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസ് ഡിസൈൻ (എൻ. ഐ.ഡി), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസ് ഫാഷൻ ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ ഡിസൈനുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകാടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ വീവേഴ്ല് സർവ്വീസസ് സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസ് ഹാന്റ്ലൂം ആന്റ് ടെക്സ്റ്റൈൽസ് ടെക്നോളജി കണ്ണൂർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ ഡിസൈൻ ഡെവലപ്മെന്റിൽ പരിശീനം നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

ജൈവ വസ്തുക്കളുപയോഗിച്ച് ചായം മുക്കുന്നതിനുള്ള സ്വകാര്യ ഏജൻസികളുടെ സംരംഭങ്ങളെയും സർക്കാർ പ്രോൽസാഹിപ്പിക്കുന്നുണ്ട്.

## <u>കായംകുളം മുതൽ ആലപ്പുഴവരെ തീരപ്രദേശത്ത് നടക്കുന്ന കരിമണൽ ഖനനം</u>

102. ശ്രീ. കെ.സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കായംകുളം മുതൽ ആലപ്പുഴവരെ തീരപ്രദേശത്ത് കരിമണൽ ഖനനം ചെയ്യുന്നതിന് സംയുക്ത മേഖലയിൽ അനുവാദം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഉണ്ടെങ്കിൽ ഏത് കമ്പനിക്ക് ആണ് അനുവാദം നൽകിയിട്ടുള്ളത്; ഇതിന്റെ വ്യവസ്ഥകൾ എന്തെല്ലാം; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ പദ്ധതികളുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെ എതിർപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജനപ്രതിനിധികളുടെ ആശങ്ക ദൂരീകരിക്കുന്നതിന് വേണ്ടി യോഗം വിളിച്ചിരുന്നോ; എങ്കിൽ യോഗ തീരുമാനങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) & (ബി)

കായംകുളം പൊക്കുവട്ക്ക് കേന്ദ്ര പരിസ്ഥിതി-ആണവോർജ്ജ ഖനന വകുപ്പുകളുടെ അനുമതിക്കുവിധേയമായി സംയുക്ത സംരംഭത്തിന് ഖനനാനുമതി നൽകാൻ തീരുമാനമായിട്ടുണ്ട്. ഇന്ന് മേഖലയിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏക സ്വകാര്യ സ്ഥാപനമായ സി.എം.ആർ.എൽ. എന്ന കമ്പനി അതിന്റെ 500 കോടി രൂപയുടെ വികസനപദ്ധതിക്കായി പ്രമോട്ട് ചെയ്തതും കേന്ദ്ര സർക്കാർ സ്ഥാപനമായ ഐ.ആർ.ഇ.എല്ലിന്റെയും കേരളാസർക്കാർ സ്ഥാപനമായ കേരള വ്യവസായ വികസന കോർപ്പറേഷന്റെയും 26 ശതമാനം ഓഹരി പങ്കാളിത്തമുള്ളതുമായ കേരള റയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് എന്ന സംയുക്ത സംരംഭത്തിന്റെ അപേക്ഷകൾ പ്രകാരം കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും കേന്ദ്ര ആണവോർജ്ജ വകുപ്പിന്റെയും വകുപ്പിന്റെയും സമഗ്ര പരിശോധനയ്ക്കും സേഷം കേന്ദ്ര വകുപ്പിന്റെ അനുവാദത്തിനു വിധേയമായി ഖനനാനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ വീണ്ടും ഇക്കാര്യത്തിൽ ഒരു വിദഗ്ധ സമിതിയെ കൊണ്ട് പഠനം നടത്താൻ തീരുമാനമായിട്ടുണ്ട്. എന്നാൽ ധാതുമണൽ ഖനനത്തിന് ലീസ് അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) 30-12-2002-ൽ വ്യവസായ വകുപ്പുമന്ത്രി തിരുവനന്തപുരത്ത് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചിരുന്നു. അന്തിമമായി എന്ത് തീരുമാനമെടുത്താലും അത് മന്ത്രിസഭാ ചർച്ച ചെയ്തശേഷമേ ഉണ്ടാവു എന്ന് ഈ വിഷയം ശാസ്ത്രീയമായി പഠിക്കുന്നതിന് ഉന്നതതല വിദഗ്ധ സമിതിയെ നിയോഗിക്കുമെന്നും അവരുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ തുടർ നടപടികൾ ഉണ്ടാക എന്നുമാണ് യോഗതീരുമാനങ്ങൾ

## കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ

103. ശ്രീ. എം. കുമാരൻ:

ശ്രീ. ബിനോയ് വിശ്വം:

ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കഴിഞ്ഞ ഇരുപത്തിയഞ്ചു മാസക്കാലത്തിനിടയിൽ കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ തുറന്നു പ്രവർത്തിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ദിവസം പ്രവർത്തിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികൾക്ക് കൂലി, ബോണസ്, പി.എഫ്., ഇ.എസ്.ഐ., ലീവ് എന്നീ ആനുകൂല്യങ്ങൾ എത്ര ശതമാനം വീതം ഇപ്പോൾ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) കേരള സംസ്ഥാനകശുവണ്ടി വികസ കോർപ്പറേഷൻ ആഗസ്റ്റ് 2001 മുതൽ പ്രോസസിംഗ് ജോലികൾ നിറുത്തിവച്ചിക്കുകയാണ്.

(ബി) 2001 മേയ്, ജൂൺ, ജൂലായ് മാസങ്ങളിൽ ശരാശരി 8 ദിവസം പ്രോസസിംഗ് ജോലികൾ നടന്നിട്ടുള്ളതാണ്.

(സി) കൂലി:- കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് മിനിമം വേജസ് നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിലും സ്റ്റാഫ് ജീവനക്കാർക്ക് എ.ആർ.സി. കരാർ അനുസരിച്ചുമാണ് കൂലി/ശമ്പളം നൽകുന്നത്.

ബോണസ്:- ഐ.ആർ.സി കരാറിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് 20%വും സ്റ്റാഫ് ജീവനക്കാരിൽ ബോണസിന് അർഹതയുള്ളവർക്ക് 3 മാസത്തേയും, 25 ദിവസത്തേയും ശമ്പളത്തിന് തുല്യമായ തുകയും നൽകാനാണ് കരാറായിട്ടുള്ളത്.

എന്നാൽ 2002 വർഷത്തിൽ കോർപ്പറേഷനിൽ ഒരു ദിവസംപോലും ജോലി നടക്കാത്ത സാഹചര്യത്തിൽ തൊഴിലാളികൾക്ക് 500 രൂപയും റീട്ടെയിനിംഗ് സ്റ്റാഫ് അംഗങ്ങൾക്ക് 1000 രൂപ വീതവും മറ്റ് മാസശമ്പള ജീവനക്കാർക്ക് ഒരു മാസത്തെ ശമ്പളത്തിനും തുല്യമായ തുകയും അലവൻസായി നൽകിയിട്ടുള്ളതാണ്. ബോണസ് ആക്ടിൻ പ്രകാരം ബോണസ് ലഭിക്കാൻ അർഹതയുള്ളവർക്ക് മാത്രമാണ് പ്രസ്തുത അലവൻസ് നൽകിയിട്ടുള്ളത്.

പി.എഫ്.:- ജോലിയുള്ള കാലയളവിൽ തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും പി.എഫ്. വിഹിതമായി 12%വും സ്റ്റാഫ് ജീവനക്കാരിൽനിന്നും ശമ്പളത്തിന്റെ 12%വും തുക പി.എഫ്. വിഹിതമായി റിക്കവർ ചെയ്യുകയും തൊഴിലുടമ വിഹിതമായി 12%വും ഉൾപ്പെടെ പി.എഫിലേക്ക് അടയ്ക്കുന്നുണ്ട്.

ഇ.എസ്.ഐ.:- ഇ.എസ്.ഐ. വിഹിതമായി തൊഴിലാളികളുടെ ശമ്പളത്തിൽ 1.75% തുക റിക്കവർ ചെയ്ത് തൊഴിലുടമാ വിഹിതമായി 4.75 ശതമാനവും ഉൾപ്പെടെ ഇ.എസ്.ഐ. യിലേക്ക് അടയ്ക്കുന്നുണ്ട്.

<u>ലീവ് ആനുകൂല്യങ്ങൾ</u>

കോർപ്പറേഷൻ ഫാക്ടറിയിലെ ജീവനക്കാർക്ക് 4 ദേശീയോത്സവ ഒഴിവുകളും 9 പ്രാദേശികോത്സവ ഒഴിവുകളും കൂടാതെ തൊഴിലാളികൾക്ക് 20 ജോലി ദിവസത്തിന് 1 എന്ന കണക്കിൽലീവ് വിത്ത് വേജസും സ്റ്റാഫ് അംഗങ്ങൾക്ക് 11 ദിവസത്തിന് 1 ദിവസം എന്ന കണക്കിൽ ഏൺഡ് ലീവും നൽകി വരുന്നു.

## തൊഴിൽ നയത്തിൽ വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ

104. ശ്രീ. കെ. രാധാകൃഷ്ണൻ:

ശ്രീ. ടി.പി. രാമകൃഷ്ണൻ:

ശ്രീ. മത്തായി ചാക്കോ:

ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സർക്കാരിന്റെ തൊഴിൽ നയത്തിനും അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള നടപടികൾക്കും എതിരെ സംസ്ഥാനത്തെ എല്ലാ തൊഴിൽ സംഘടനകളും എതിർപ്പ് പ്രകടിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളികളുടേയും സംഘടനകളുടേയും യോജിച്ച എതിർപ്പുകളുടെ പശ്ചാത്തലത്തിൽ തൊഴിൽ നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ എന്തെല്ലാം നിലയിലുള്ള മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ(തൊഴിൽ വകുപ്പു മന്ത്രി):-**

(എ) സർക്കാരിന്റെ പുതിയ തൊഴിൽ നയത്തിനെതിരെ ചില തൊഴിലാളി സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)യും (സി)യും

തൊഴിൽനയം സംബന്ധിച്ച് തൊഴിലാളി സംഘടനകളും മറ്റ് ബന്ധപ്പെട്ടവരുമായി പലവട്ടം ചർച്ചകൾ നടത്തുകയും അവരുടെ അഭിപ്രായം ആരായുകയും ചെയ്തിട്ടുള്ളതാണ്. തൊഴിലാളി സംഘടനകൾ പ്രകടിപ്പിച്ച വിയോജിപ്പുകൾ വിശദമായി പഠിച്ചശേഷം മാത്രമേ മാറ്റങ്ങൾ വരുത്തണമോ എന്ന കാര്യം പരിഗണിക്കുകയുള്ളൂ.

## <u>ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ</u>

105. ശ്രീ. കെ.പി. രാജേന്ദ്രൻ:

ശ്രീ. എം. കുമാരൻ:

ശ്രീ. വി.എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് കൈമാറില്ലെന്ന പ്രഖ്യാപനം നിലവിലുണ്ടോ;

(സി) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരികൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങളുടെ എത്ര ശതമാനം ഓഹരികൾ വീതം സ്വകാര്യമേഖലയ്ക്ക് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്. സംസ്ഥാനത്താകെ 12 പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള പൊതുമേഖലാസ്ഥാപനങ്ങൾ നഷ്ടത്തിലാണ്. വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല

## <u>ആഗോള നിക്ഷേപക സംഗമത്തിലവതരിപ്പിച്ച പദ്ധതികൾ</u>

106. ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. സാജുപോൾ:

ശ്രീ. കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സർക്കാർ സംഘടിപ്പിച്ച ആഗോള നിക്ഷേപക സംഗമത്തിന്റെ ഫലം വിലയിരുത്തുകയുണ്ടയോ;

(ബി) അൻപതിനായിരം കോടി രൂപയുടെ പുതിയ നിക്ഷേപം പ്രതീക്ഷിച്ച ജിം എത്ര കോടി രൂപയുടെ നിക്ഷേപം വാഗ്ദാനം ചെയ്യപ്പെടുകയുണ്ടായി;

(സി) ധാരണാപത്രത്തിൽ ഒപ്പുവച്ച പദ്ധതിനിർദ്ദേശം ഓരോന്നും സംബന്ധിച്ച് സർക്കാർ നിയോഗിച്ച നിക്ഷേപക പ്രോൽസാഹനബോർഡ് വിലയിരുത്തുകയുണ്ടായോ;

(ഡി) ഈ വിലയിരുത്തലിലൂടെ നിയമപരമായ വ്യവസ്ഥകൾ അംഗീകരിക്കുന്നതും യഥാർത്ഥ്യമാക്കുമെന്ന ഉറപ്പുള്ളതുമായ ഏതെല്ലാം പദ്ധതികൾ കണ്ടെത്തുകയുണ്ടായി; അവ ഏതെല്ലാമാണെന്നും അതുവഴി പ്രതീക്ഷിക്കുന്ന നിക്ഷേപത്തുക സഹിതം വിശദമാക്കുമോ;

(ഇ) സർക്കാരിന്റെ വിവിധ വകുപ്പുകൾ ഓരോന്നും ജിം ലേക്ക് നിർദ്ദേശിച്ച പദ്ധതികളും അതിന് പ്രതീക്ഷിച്ച നിക്ഷേപവും വിലയിരുത്തലുകൾക്ക്ശേഷം യാഥാർത്ഥ്യമാക്കുമെന്ന് കണ്ട് പദ്ധതികളും അതുവഴിയുള്ള നിക്ഷേപവും സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഈ വർഷം നിക്ഷേപം യാഥാർത്ഥ്യമാക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നതും ഇതിനകം നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികൾ എന്തൊക്കെയാണെന്ന് നിക്ഷേപത്തുക സഹിതം വിശദമാക്കുമോ;

(ജി) ഈ വർഷം യാഥാർത്ഥ്യമാക്കുന്നവയിൽ പൊതുമേഖലാസംരംഭങ്ങൾ എന്തൊക്കെയാണെന്നും അതുവഴിയുള്ള ഈ വർഷത്തെ നിക്ഷേപം എത്രയാണെന്നും വിശദമാക്കാമോ;

(എച്ച്) ജിം–ൽ ധാരണയായ പദ്ധതികൾക്ക് എത്ര ദിവസത്തിനകം അനുമതി നൽകുമെന്നായിരുന്നു സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നത്; നിശ്ചിത കാലയളവിനുള്ളിൽ എത്ര പദ്ധതികൾക്ക് അനുമതി നൽകുകയുണ്ടായി; ഇതിനകം ധാരണാപത്രത്തിന്റെ കാലാവധി കഴിഞ്ഞുപോയിട്ടുള്ളവ എത്ര എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി):-**

(എ) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള നിക്ഷേപക പ്രോത്സാഹന ബോർഡിന്റെ യോഗങ്ങളിൽ അവലോകനം ചെയ്യാറുണ്ട്.

(ബി) അഞ്ചുവർഷം കൊണ്ട് അമ്പതിനായിരം കോടിരൂപയുടെ നിക്ഷേപമാണ് ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ തുടക്കമെന്ന നിലയിൽ 26,000 കോടി രൂപയുടെ നിക്ഷേപം ജിം ൽ വാഗ്ദാനം ചെയ്യപ്പെടുകയുണ്ടായി

(സി) ധാരണപത്രത്തിൽ ഒപ്പുവച്ച പദ്ധതികൾ നിർദ്ദേശം ഓരോന്നും നിക്ഷേപ പ്രോത്സാഹന ബോർഡ് വിലയിരുത്തുകയുണ്ടായി.

(ഡി) & (ഇ)

നിയമപരമായ വ്യവസ്ഥകൾ അംഗീകരിക്കുന്നുണ്ടോ എന്നത് യഥാസമയം അതാത് സർക്കാർ ഏജൻസികൾ പരിശോധിച്ചതിനുശേഷമേ നിർദ്ദിഷ്ട അനുമതികൾ നിക്ഷേപക ബോർഡ് നൽകുകയുള്ളു. ഇതിവരെ കൈവരിച്ച പുരോഗതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 40 പദ്ധതികൾക്ക് അംഗീകാരം നൽകുകയുണ്ടായി. വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. ബാക്കിയുള്ളവ പുരോഗതിക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

(എഫ്) കെ.എസ്.ഐ.ടി.സി. ഒപ്പുവച്ച ധാരണാപത്രങ്ങളിൽ ഈ വർഷം യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനോടകം നിർമ്മാണം ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ വിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

(ജി) കെ.എസ്.ഐ.ടി.സി യുമായി ഒപ്പുവച്ച് ധാരണാ പത്രങ്ങളിൽ യാഥാർത്ഥ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന പൊതുമേഖലാ സംരംഭങ്ങളുടെ ലിസ്റ്റ് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

(എച്ച്) 2003 ജനുവരി മാസത്തിൽ ആരംഭിച്ച ജിം പദ്ധതി നടപടികളിലെ ധാരണാപത്രത്തിന് 6 മാസത്തെ കാലാവധി ഉണ്ട്. ഇതിനകം 40 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ധാരണാ പത്രത്തിന്റെ കാലാവധി ജൂലൈ മാസം വരെയാണ്.

## ആർ.ടി.ഒ. ഓഫീസുകളിലെ ഫാസ്റ്റ് സമ്പ്രദായം

107. ശ്രീ. പി.എസ്. സുപാൽ:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് ആർ.ടി.ഒ. ഓഫീസുകളിലെ ഫാസ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ സവിശേഷതകൾ എന്തെല്ലാം?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) കേരളത്തിൽ കാൺസൽട്ടന്റ് കം സർവ്വീസ് പ്രൊവൈംറെ (സി.എസ്.പി) കൂടി പങ്കെടുപ്പിച്ചുകൊണ്ട് മോട്ടോർവാഹന വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ ഉൾപ്പെടെയുള്ള 77 സെന്ററുകളിലെ എല്ലാ സേവനങ്ങളും കമ്പ്യൂട്ടർവൽക്കരിച്ച് വേഗത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ഫാസ്റ്റ്. ഈ സമ്പ്രദായം നടപ്പിലാക്കുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് മോട്ടോർ വാഹനവകുപ്പിൽനിന്ന് ലഭിക്കേണ്ട ഡ്രൈവിംഗ് ലൈസൻസ് ലേണേഴ്സ് ലൈസൻസ്, വാഹന രജിസ്ട്രേഷൻ, നികുതി അടയ്ക്കൽ മുതലായ എല്ലാ സേവനങ്ങളും വളരെ വേഗത്തിലും നിശ്ചിത സമയപരിധിക്കുള്ളിലും ലഭ്യമാക്കുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും സാധിക്കും.

## സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച അന്വേഷണം

108 ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

ശ്രീ. കെ.വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ ബസ്സ് പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് കൈക്കൊള്ളുന്ന സമീപനം കെ.എസ്.ആർ.ടി.സി.യെ ദുർബലപ്പെടുത്തുന്ന നിലയിലുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രക്കാരുടെയും കെ.എസ്.ആർ.ടി.സി.യുടെയും താൽപ്പര്യങ്ങൾക്കപ്പുറം സ്വകാര്യ ബസ്സ് മുതലാളിമാരുടെ താൽപ്പര്യങ്ങൾക്ക് കീഴ്പ്പെടുന്ന ആർ.ടി.സി.യുടെ സമീപനം നിയന്ത്രിക്കുന്നതിന് തയ്യാറാകുമോ;

(സി) കെ.എസ്.ആർ.ടി.സി. ലാഭകരമായി സർവ്വീസ് നടത്തുന്ന റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് ജില്ലകളിൽ പെർമിറ്റ് നൽകിക്കൊണ്ടിരിക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) നോട്ടിഫൈഡ് റൂട്ടുകളിൽ പെർമിറ്റുകൾക്കുള്ള കെ.എസ്.ആർ.ടി.സി.യുടെ എത്ര അപേക്ഷകൾ എത്ര കാലമായി ആർ.ടി.എ.കളിൽ കെട്ടിക്കിടക്കുന്നു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പു മന്ത്രി):-**

(എ) ഇല്ല.

(ബി) യാത്രക്കാരുടേയും, കെ.എസ്.ആർ.ടി.സിയുടേയും താൽപര്യങ്ങൾക്ക് വിരുദ്ധമായ സമീപനം കൈക്കൊള്ളുന്നതായി ശ്രദ്ധയിൽപെട്ടാൽ അത് നിയന്ത്രിക്കുന്നതാണ്.

(സി)നിയമവിരുദ്ധമായ പേർമിറ്റ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ കൂടുതൽ അന്വേഷണം നടത്തുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## <u>മൊസാംബിക്കുമായി ചേർന്ന് കശുവണ്ടി വ്യവസായ പുനരുദ്ധാരണം</u>

109. പ്രൊഫസർ. എ.ഡി. മുസ്തഫ:

ശ്രീ. വി.ജെ. പൗലോസ്:

ശ്രീ. വി.ഡി. സതീശൻ:

ശ്രീ. കെ.സി. ജോസഫ്:

ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) മൊസാംബിക്ക് പ്രസിഡന്റിന്റെ സംസ്ഥാന സന്ദർശനവേളയിൽ മൊസാംബിക്കിലും കശുവണ്ടി വ്യവസായം സംസ്ഥാനത്തിന്റെ സഹായത്തോടുകൂടി പുനരുദ്ധരിക്കുന്നതിനെപ്പറ്റി എന്തെങ്കിലും ചർച്ചകൾ നടത്തുകയുണ്ടായോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മൊസാംബിക്കിലുള്ള കശുവണ്ടി സംസ്ഥാനത്തു കൊണ്ടുവന്ന് സംസ്ക്കരിക്കുന്നതിനെയും വിൽക്കുന്നതിനെയും സംബന്ധിച്ച് എന്തെങ്കിലും ചർച്ച നടത്തിയോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി( വ്യവസായവും സാമൂഹ്യക്ഷേമവുംവകുപ്പു മന്ത്രി):-**

എ ബി &സി

സംസ്ഥാനസർക്കാരുമായി ഔദ്യോഗിക ചർച്ചകൾ നടത്തുകയുണ്ടായില്ല. എന്നാൽ മൊസാംബിക് പ്രസിഡന്റും സംഘാംങ്ങളും കേരളം സന്ദർശിച്ച അവസരത്തിൽ കാപ്പെക്സിന്റെ നാവായിക്കുളം കശുവണ്ടി സംസ്ക്കരണശാല 2003 മേയ് 15ന് സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ കാപ്പെക്സിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും മറ്റ് ബോർഡംഗങ്ങളും നടത്തിയ അനൗപചാരികമായ ചർച്ചയിൽ മൊസാംബിക്കിൽ ഉണ്ടാകുന്ന കശുവണ്ടി കേരളത്തിൽ കൊണ്ടുവന്ന് സംസ്ക്കരിക്കുന്നതിനും പരിപ്പ് വിൽക്കുന്നതിനും ആവശ്യമായ സഹായം നൽകാമെന്ന് സൂചിപ്പിച്ചിരുന്നു. മൊസാംബിക്കിൽ അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനുള്ള സാങ്കേതിക ഉപദേശം വേണമെങ്കിൽ സർക്കാർ അനുമതിയോടെ നൽകാൻ തയ്യാറാണെന്നും സൂചിപ്പിച്ചിരുന്നു.

## <u>തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ നടപടി</u>

110. ശ്രീ. വി.കെ.സി. മമ്മത്കോയ:

ശ്രീമതി. ഗിരിജാ സുരേന്ദ്രൻ:

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) അഞ്ച് വർഷം കൊണ്ട് പതിനഞ്ച് ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ഡി) ഇതിനായി ആവിഷ്ക്കരിച്ച പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതികളനുസരിച്ച് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിനായി 2001–2002, 2002–2003–ലെ ബഡ്ജറ്റുകളിൽ എന്തു തുകവീതം ചെലവഴിച്ചു;

(ജി) രൂക്ഷമായ തൊഴിലില്ലായ്മ പരിഹിക്കുന്നതിന് പുതിയ പദ്ധതികൾ വല്ലതും ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) അഞ്ച് വർഷം കൊണ്ട് 15 ലക്ഷം പേർക്ക് തൊളിൽ നൽകുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചതൊഴിൽ നയത്തിന്റെ പ്രധാനലക്ഷ്യം പൊതുമേഖലയേയും സ്വകാര്യമേഖലയേയും ഗണ്യമായി ആകർഷിച്ച് നിരവധി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ ത്വരിതഗതിയിലുള്ള വ്യവസായ വളർച്ചയ്ക്ക് അനുഗുണമായ അന്തരീക്ഷം ഒരുക്കുക എന്നതാണ്.

(സി) അഞ്ച് വർഷംകൊണ്ട് 15 ലക്ഷം തൊഴിലവസരം സൃഷ്ടിക്കാൻ കഴിയുന്ന തരത്തിലുള്ള വളർച്ചയ്ക്ക് തൊഴിൽ നയത്തിൽ ലക്ഷ്യമിട്ടിരുന്നു. ആയത് നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുവാനുള്ള പല പദ്ധതികളും പരിപാടികളും ആരംഭിച്ചിട്ടുണ്ട്. അഞ്ച് വർഷംകൊണ്ട് 5 ലക്ഷംപേർക്ക് തൊഴിൽ നൽകാനുള്ള ഒരു പദ്ധതിയുടെ വിശദാംശങ്ങൽക്ക് രൂപം നൽകിവരുകയാണ്,.

(ഡി) തൊഴിൽ നയത്തിന്റെ ഭാഗമായി നിക്ഷേപകരെ ആകർഷിക്കുന്നതിനും തദ്വാരാ തൊഴിലവസരങ്ങൽ സൃഷ്ടിക്കുന്നതിനുമായി തൊഴിൽ സംരംഭകർക്ക് സ്വയം തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിന് അവകാശം ലഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഇൻഫർമേഷൻ ടെക്നോളജി അനുബന്ധ മേഖലകളിൽ ഇൻസ്പെക്ഷൻ രാജ് ഒഴിവാക്കുന്നതിനായി സെൽഫ് സർട്ടിഫിക്കേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലയിൽ തൊഴിലാളികളുടെ ജോലി സമയം, സ്ഥാപനം അടയ്ക്കുകയും തുറക്കുകയും ചെയ്യുക, പ്രതിവാര അവധി, സ്ത്രീകളുടെ ജോലി സമയം, എന്നീ വ്യവസ്ഥകളിൽ നിയമപ്രകാരം സത്യമായ ഇളവുകൾ നൽകിയിട്ടുണ്ട്. കൂടാതെ കയറ്റിറക്ക് മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് ഉതകുന്ന രീതിയിൽ പുതിയ നിയമ നിർമ്മാണവും നടത്തിയിട്ടുണ്ട്. ഈ നടപടികൾ കൂടാതെ സംസ്ഥാനത്തേയ്ക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പല പദ്ധതികളും ആരംഭിച്ചിട്ടുണ്ട്.

(ഇ) തൊഴിൽദാന പദ്ധതികൾ എല്ലാം പ്രാരംഭ ഘട്ടത്തിലാണ്. പുതിയ തൊഴിലസരങ്ങൾ ലഭ്യമാക്കി വരുന്നതേയുള്ളു.

(എഫ്) തൊഴിൽ നയത്തിന്റെ ഭാഗമായി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് തുകയൊന്നും നീക്കിവച്ചിരുന്നില്ല. എന്നാൽ 5 വർഷംകൊണ്ട് 5 ലക്ഷംപേർക്ക് തൊഴിൽ നൽകുന്നതിനായി പ്രഖ്യാപിച്ച തൊഴിൽദാന പദ്ധതിക്ക് 2002–2003–ലെ ബഡ്ജറ്റിൽ 201 കോടിരൂപ നീക്കിവയ്ക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.

(ജി) ബൃഹത്തായ ഒരു തൊഴിൽദാന പദ്ധതിക്ക് രൂപം നൽകി വരികയാണ്.

## <u>ഇ.എസ്.ഐ.യുടെ പരിധിയിൽ വരുന്ന തൊഴിലാളികൾ</u>

*111. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്ത് ഇ.എസ്.ഐ.യുടെ പരിധിയിൽ എത്ര തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇ.എസ്.ഐ.യുടെ പരിധിയിൽ വരുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവുവന്നിട്ടുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ കുറവു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):-**

(എ) 3,96,731 തൊഴിലാളികൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. തൊഴിലാളികളുടെ വരുമാനത്തിലുള്ള വർദ്ധനകൊണ്ടും പരിധിക്കു പുറത്താവുന്നതുകൊണ്ടും പരമ്പരാഗത മേഖലയിൽ പല തൊഴിൽ സ്ഥാപനങ്ങളും പ്രവർത്തനരഹിതമാകുന്നതുകൊണ്ടും തൊഴിലാളികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

**പി.എസ്.സി.യെ മറികടന്നുകൊണ്ടുള്ള നിയമനങ്ങളും പ്രൊമോഷനുകളും സംബന്ധിച്ച് അന്വേഷണം**

238. ശ്രീ. മത്തായി ചാക്കോ :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീ. എ.കെ. ബാലൻ :

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനം പൂർണ്ണമായും പി.എസ്.സി.ക്ക് വിട്ടിട്ടുള്ള സംസ്ഥാനത്തെ സഹകരണ അപ്പെക്സ് /കേന്ദ്രസംഘങ്ങളിൽ ഭരണസമിതി നേരിട്ട് അപേക്ഷ ക്ഷണിച്ച് നിയമനം നടത്താൻ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാന സഹകരണബാങ്ക്/ജില്ലാ സഹകരണബാങ്കുകൾ /സഹകരണ അപ്പെക്സ് സംഘങ്ങൾ എന്നിവിടങ്ങളിൽ എവിടെയെങ്കിലും പി.എസ്.സി. വഴിയല്ലാതെ ഏതെങ്കിലും പോസ്റ്റുകളിലേക്ക് സ്ഥിരമായോ താൽക്കാലികമായോ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഏതെല്ലാം പോസ്റ്റുകളിലേക്ക് എന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി.ക്കു വിട്ട ഏതെങ്കിലും പോസ്റ്റുകളിലേക്ക് ആരെയെങ്കിലും നിയമവിരുദ്ധമായിട്ട് പോസ്റ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിൽോ ചില തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ബാങ്കിന്റെ പേരു വ്യക്തമാക്കാതെ 5–4–2003–ലെ മാതൃഭൂമി പത്രത്തിൽ അപേക്ഷ ക്ഷണിച്ചുകൊണ്ട് പരസ്യം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പി.എസ്.സി.യെ മറികടന്നുകൊണ്ടുള്ള നിയമനങ്ങളും പ്രൊമോഷനുകളും സംബന്ധിച്ച് അന്വേഷിക്കുമോ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണ വകുപ്പുമന്ത്രി) :-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാലും റാങ്ക്ലിസ്റ്റ് നിലവിലില്ലാത്തതിനാലും ദിവസക്കൂലിയടിസ്ഥാനത്തിൽ കൊല്ലം ജില്ലാ സഹകരണബാങ്കിൽ പ്യൂൺ, സ്വീപ്പർ എന്നിവരേയും ആലപ്പുഴ ജില്ലാ സഹകരണബാങ്കിൽ ഡ്രൈവർമാരേയും കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ സെക്യൂരിറ്റി ഗാർഡുമാരേയും ഒരു പാർട്ട്ടൈം സ്വീപ്പറിനേയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവനുസരിച്ച് മലപ്പുറം ജില്ലാ സഹകരണബാങ്കിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കപ്പെട്ട വികലാംഗരായ മുൻ താൽക്കാലിക ജീവനക്കാരെ പ്യൂൺ തസ്തികയിൽ താൽക്കാലികമായി പുനർനിയമനം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും ചില തസ്തികകളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് താൽക്കാലികമായി പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇക്കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിച്ച് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

**വ്യവസായ വികസന നടപടികൾ**

*113. ശ്രീ. എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യമേഖലയിലും പൊതുമേഖലയിലും ഏതെല്ലാം വ്യവസായങ്ങളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ വികസന നടപടികളുടെ ഭാഗമായി പുതുതായി വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തു തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഏതെല്ലാം വിദേശകമ്പനികളാണ് ഇക്കാര്യത്തിനായി സർക്കാരിനെ സമീപിച്ചിട്ടുള്ളത് ; അവരിൽ ആർക്കൊക്കെ അനുവാദം നല്കി ; വിദേശസഹായത്തോടെ ആരംഭിക്കുന്ന വ്യവസായസംരംഭങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കമ്പനികളുടെ വ്യവസായ സംരംഭങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ജി) ഇപ്പോൾ എത്ര വൻകിട വ്യവസായശാലകളുടെ നിർമ്മാണമാണ് നടന്നുവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) പുതിയ വ്യവസായ സംരംഭങ്ങൾ പൂർത്തിയാക്കുമ്പോൾ ഉണ്ടാകാവുന്ന തൊഴിൽസാദ്ധ്യതകൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും മന്ത്രി) :-**

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനായി കേരള വ്യവസായ വികസന കോർപ്പറേഷൻ, കിൻഫ്ര, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് എന്നിവകൾ മുഖേന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കാൻ ധാരണയായിട്ടുള്ള വ്യവസായങ്ങളുടെ വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. ചെറുകിട വ്യവസായമേഖലയിൽ ഈ സാമ്പത്തികവർഷം (2003-2004) 15,000 വ്യവസായങ്ങൾ തുടങ്ങാൻ ഉദ്ദേശമിടുന്നു. ഇതിൽ ഇൻഫർമേഷൻ ടെക്നോളജി, ഭക്ഷ്യ സംസ്കരണം, റെഡിമെയ്ഡ് ഗാർമെന്റ് തുടങ്ങിയ വ്യത്യസ്ഥങ്ങളായ വ്യവസായങ്ങളും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കിൻഫ്രയുടെ പാർക്കുകളിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലും പുതുതായി ആരംഭിക്കുന്ന വ്യവസായസ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

(സി)&(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി. ബോർഡ് നിക്ഷേപ തീരുമാനമെടുത്ത 64 പദ്ധതികൾ എല്ലാംതന്നെ സ്വകാര്യമേഖലയിലാണ്. വിശദാംശങ്ങൾ അനുബന്ധം 4 ആയി ചേർക്കുന്നു. ഇവയ്ക്കായി ആകെ വേണ്ടിവരുന്ന നിക്ഷേപം 456 കോടി രൂപയാണ്. വ്യവസായ വികസന നടപടികളുടെ ഭാഗമായി കഴി്ഞ 2 വർഷം ഏകദേശം 30,000 ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിൽ സ്ഥാപിതമായ 30,448 ചെറുകിട വ്യവസായങ്ങലുടെ മുതൽമുടക്ക് ഏകദേശം 44,000 ലക്ഷം രൂപയാണ്. 2003-2004 വർഷത്തിൽ തുടങ്ങാൻ ലക്ഷ്യമിടുന്ന 15,000 ചെറുകിട വ്യവസായ യൂണിറ്റുകളിലൂടെ ഏകദേശം 23,000 ലക്ഷം രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു.

കിൻഫ്രയുടെ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ പുതിയതായി എ ആന്റ് ബി ടൂളേഴ്സ് എന്ന ഒരു വ്യവസായ സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. ഇത് 100% കയറ്റുമതി ലക്ഷ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ ഈ ഇൻഡസ്ട്രിയൽ പാർക്കിൽ വിദേശ സഹകരണത്തോടുകൂടി താഴെപ്പറയുന്ന സ്വകാര്യ സംരംഭങ്ങൾ സ്ഥാപിക്കാൻ നടപടികൾ നടന്നുവരുന്നു.

1. നിർമ്മൽ ആഗ്രോ ഇൻഡസ്ട്രീസ് ഇൻഡ്യാ ലിമിറ്റഡ്.
2. ബാഷ് പി ഇന്റർനാഷണൽ ഇതിനെല്ലാം കൂടി ഏകദേശം 11.56 കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്നു.

(ഇ)&(എഫ്) കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ വസ്ത്രനിർമ്മാണ വ്യവസായം തുടങ്ങുന്നതിനായി Mr. Vincenzo Licata of Inter Global Company, Australia സ്ഥലം എടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ നിർമ്മൽ ആഗ്രോ ഇൻഡസ്ട്രീസ് എന്ന കമ്പനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്. മറ്റെല്ലാ കമ്പനികളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭദിശയിലാണ്.

(ജി) കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെയുള്ള 19 വൻകിട പദ്ധതിക്ക് (5 കോടി രൂപയിൽ കൂടുതൽ മുതൽമുടക്കുള്ളവ) നിർമ്മാണ ഘട്ടത്തിലാണ്. വിശദാംശം അനുബന്ധം 5 ആയി ചേർക്കുന്നു.

(എച്ച്) പുതിയ വ്യവസായ സംരംഭങ്ങൾ പൂർത്തിയാകുമ്പോൾ ഉണ്ടാകുന്ന തൊഴിൽ സാദ്ധ്യതകൾ തിട്ടപ്പെടുത്താൻ പ്രയാസമാണ്. എന്നാൽ കെ.എസ്.ഐ.ഡി.സി.യുടെ

പരിധിയിൽ ഇപ്പോൾ നിർമ്മാണ ഘട്ടങ്ങളിലിരിക്കുന്ന 41 പദ്ധതികളെല്ലാംകൂടി പൂർത്തിയാക്കുമ്പോൾ 2796 പേർക്ക് തൊഴിൽ നൽകാനാകും.

വ്യവസായ വാണിജ്യഡയറക്ടറേറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 19,000-ഓളം ചെറുകിട വ്യവസായ യൂണിറ്റുകളിലൂടെ ഏകദേശം 45000 തൊഴിലവസരങ്ങൽ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കിൻഫ്ര പാർക്കുകളിലെല്ലാംകൂടി പുതിയ വ്യവസായ സംരംഭങ്ങൽ ആരംഭിക്കുമ്പോൾ ഏകദേശം 5900 ഓളം പേർക്ക് തൊഴിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ആർ.റ്റി.സി. ഡിപ്പോ-ഓപ്പറേറ്റിംഗ് സെന്ററുകൾ അടച്ചുപൂട്ടുന്ന നടപടി

*114. ശ്രീ. ഷിബു ബേബിജോൺ :

ശ്രീ. കെ.കെ. ഷാജു :

ശ്രീ. ഉമേഷ് ചള്ളിയിൽ :

ശ്രീ. എ.എൻ രാജൻബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.റ്റി.സി. ഓപ്പറേറ്റിംഗ് സെന്ററുകൾ അടച്ചുപൂട്ടുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള തീരുമാനം എടുത്തിട്ടുള്ളത്;

(സി) പ്രസ്തുത തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അത് ഏത് കമ്മിറ്റിയാണ് ശുപാർശ ചെയ്തതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ കെ.എസ്.ആർ.ടി.സി ഡിപ്പോ ഓപ്പറേറ്റിംഗ് സെന്ററുകൾ നിർത്തലാക്കിയിട്ടുണ്ടോ ;

(ഇ) തുടർന്നും ഏതെങ്കിലും കെ.എസ്.ആർ.റ്റി.സി. ഡിപ്പോ ഓപ്പറേറ്റിംഗ് സെന്ററുകൾ അടച്ചുപൂട്ടാൻ തീരുമാനമുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) ഉണ്ട്.

(ബി) ദേശസാൽകൃതമല്ലാത്ത മേഖലകളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഓപ്പറേറ്റിംഗ് സെന്ററുകളാണ് നിർത്തൽ ചെയ്യാൻ തീരുമാനം എടുത്തിട്ടുള്ളത്.

(സി) സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതിയുടെ ശുപാർശ പ്രകാരം.

(ഡി) ഇപ്പോൾ ഒന്നും നിറുത്തലാക്കിയിട്ടില്ല.

(ഇ) ഓപ്പറേറ്റിംഗ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്.

## റെയിൽപ്പാതകളുടെ ഇരട്ടിപ്പിക്കൽ

*115. ശ്രീ. അടൂർ പ്രകാശ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഏതെല്ലാം റെയിൽപ്പാതകളുടെ ഇരട്ടിപ്പിക്കലാണ് നടന്നുവരുന്നത്;

(ബി) ഓരോ പാതയുടേയും ഇരട്ടിപ്പു പണി തുടങ്ങിയതെന്നാണ്;

(സി) പ്രസ്തുത ഇരട്ടിപ്പു പണി പൂർത്തിയാക്കാനുള്ള കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതിനുള്ള സ്ഥലമെടുക്കേണ്ടത് എവിടെനിന്നൊക്കെയാണ് ;

(ഇ) ടി സ്ഥലമെടുപ്പു നടപടി ആരംഭിച്ചതെന്നാണ് ;

(എഫ്) ഇതിനുള്ള കാലതാമസത്തിന്റെ കാരണം പറയാമോ ;

(ജി) സ്ഥലമെടുക്കുന്നതിനുള്ള കാലതാമസത്തിനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത്; ഈ സ്ഥലമെടുപ്പു ജോലി ഉടനെ പൂർത്തിയാക്കുമോ എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. ആർ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) 1. കോഴിക്കോട്-മംഗലാപുരം. 2. കുറ്റിപ്പുറം/ഷൊർണ്ണൂർ-കോഴിക്കോട്. 3.എറണാകുളം- മുളംതുരുത്തി-കോട്ടയം-കായംകുളം. 4. ചേപ്പാട്-കായംകുളം. 5. മാവേലിക്കര-കായംകുളം.

(ബി) കോഴിക്കോട്-മംഗലാപുരം-1996, കുറ്റിപ്പുറം/ഷൊർണ്ണൂർ-കോഴിക്കോട്-1995 3. എറണാകുളം-മുളംതുരുത്തി-കോട്ടയം-കായംകുളം-2002. 4. ചേപ്പാട്-കായംകുളം-2003. 5. മാവേലിക്കര-കായംകുളം-2003.

(സി) റെയിൽവേ അതോറിറ്റിയിൽ നിന്നും ഘട്ടംഘട്ടമായി ലഭിച്ചുകൊണ്ടിരിക്കുന്ന റിക്വസിഷൻപ്രകാരം സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. പൊന്നും വില നടപടിക്രമങ്ങൽ പൂർത്തിയാക്കുന്നതിനുള്ല താമസമേ സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നും ഇക്കാര്യത്തിലുള്ളു.

(ഡി) <u>കോഴിക്കോട്-മംഗലാപുരം</u>

കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലൂടെ കടന്നുപോകുന്ന ഈ പാതയ്ക്ക് കോഴിക്കോട് ജില്ലയിൽ കടലുണ്ടി മുതൽ മാഹി വരെയും കണ്ണൂർ ജില്ലയിൽ പയ്യന്നൂർ മുതൽ മാഹിവരെയും കാസർഗോഡ് ജില്ലയിലെ കുളഹ്ങര, കുളനാട്, ഉദുമ, പള്ളിക്കര-2, ചിത്താരി, പള്ളിക്കര, അജാനൂർ, വേരോൽ, നീലേശ്വരം, ചെറുവത്തൂർ സൗത്ത്, തൃക്കരിപ്പൂർ എന്നീ വില്ലേജുകളിൽ നിന്നാണ് സ്ഥലമെടുക്കേണ്ടതായിട്ടുള്ളത്.

<u>കുറ്റിപ്പുറം/ഷൊർണ്ണൂർ-കോഴിക്കോട്</u>

ഒറ്റപ്പാലം താലൂക്കിൽ ഓങ്ങല്ലൂർ-2, ഷൊർണ്ണൂർ-2 എന്നീ വില്ലേജുകൾക്ക് പുറമേ മലപ്പുറം ജില്ലയിലെ 19 വില്ലേജുകളിൽ നിന്നുകൂടി 80 കി.മീ. സ്ഥലമെടുക്കേണ്ടതുണ്ട്.

<u>എറണാകുളം-മുളംതുരുത്തി-കായംകുളം</u>

<u>എറണാകുളം ജില്ലയിലെ എല്ലാ വില്ലേജുകളിൽ നിന്നും ആലപ്പുഴ ജില്ലയിൽ നിന്നുമാണ്</u> സ്ഥലമെടുക്കേണ്ടത്.

<u>മാവേലിക്കര-കായംകുളം</u>

ആലപ്പുഴ ജില്ലയിൽ നിന്നുമാണ് സ്ഥലമെടുക്കേണ്ടത്.

<u>ചേപ്പാട്-കായംകുളം</u>

<u>ആലപ്പുഴ ജില്ലയിൽ നിന്നു മാത്രമാണ് സ്ഥലമെടുപ്പു നടത്തേണ്ടത്.</u>

(ഇ) കോഴിക്കോട്-മംഗലാപുരം-1996, 2. കുറ്റിപ്പുറംഷൊർണ്ണൂർ-കോഴിക്കോട്-1995 3. എറണാകുളം-മുളംതുരുത്തി-കോട്ടയം-കായംകുളം-2002 4. ചേപ്പാട്-കായംകുളം-സ്ഥലമെടുപ്പു നടപടി ആരംഭിച്ചിട്ടില്ല. 5. മാവേലിക്കര-കായംകുളം-2003.

(എഫ്) റെയിൽവേ അധികൃതരിൽ നിന്നും ഘട്ടംഘട്ടമായി ലഭിച്ചുകൊണ്ടിരിക്കുന്ന റിക്വസിഷൻപ്രകാരം സ്ഥലമെടുപ്പിനുള്ള നടപടികൾ പുരൊഗമിച്ചു വരികയാണ്. പൊന്നുംവില നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള താമസമേ ഇക്കാര്യത്തിലുള്ളു.

(ജി) കാലതാമസത്തിന് പ്രത്യേകിച്ചാരും ഉത്തരവാദികളായിട്ടില്ല. പൊന്നുംവില നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള താമസമേ ഇക്കാര്യത്തിലുള്ളു.

**<u>ആഗോള നിക്ഷേപക സംഗമത്തിന് ചെലവഴിച്ച തുകയും ലഭിച്ച നിക്ഷേപങ്ങളും</u>**

*116. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപക സംഗമത്തിന് വേണ്ടി സർക്കാർ എന്തു തുക ചെലവിട്ടു എന്ന് വ്യക്തമാക്കുമോ;

(ബി) ആഗോഷ നിക്ഷേപക സമ്മേളനത്തിന്റെ പരസ്യത്തിനുവേണ്ടി എന്തു തുക ചെലവിട്ടു എന്ന് വെളിപ്പെടുത്തുമോ;

(സി) ആഗോള നിക്ഷേപക സംഗമത്തെ തുടർന്ന് സംസ്ഥാനത്ത് എത്ര രൂപയുടെ നിക്ഷേപം നാളിതുവരെ ഉണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) വിദേശത്തുനിന്നും വ്യക്തികളോ, കമ്പനികളോ കേരളത്തിൽ മുതൽമുടക്കുന്നതിനായി ആഗോള നിക്ഷേപക സമ്മേളനത്തിൽ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ സമ്മേളനത്തിനുശേഷം വിദേശത്തു നിന്നുള്ള ഏതൊക്കെ മുതൽമുടക്കു സംരംഭങ്ങളാണ് ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :-**

(എ) ഇതിലേക്കായി സർക്കാർ കെ.എസ്.ഐ.ഡി.സി.ക്ക് 5 കോടി രൂപയാണ് നൽകിയിട്ടുള്ളത്.

(ബി) കെ.എസ്.ഐ.ഡി.സി. വഴിയുള്ള പരസ്യങ്ങളുടെ ചെലവ് 160.05 ലക്ഷം രൂപയാണ്.

(സി) ആഗോള നിക്ഷേപക സമ്മേളനത്തിൽ ധാരണയായ പദ്ധതികൾ വിവിധ ഘട്ടത്തിലാണ്. നിക്ഷേപകത്തുക കൃത്യമായി തിട്ടപ്പെടുത്തുവാനായിട്ടില്ല.

(ഡി) യും (ഇ) യും: ജിമ്മിൽ അവതരിപ്പിച്ച ബഹു ഭൂരിപക്ഷം പദ്ധതികളുടെ സംരംഭകരുടെ കേരളത്തിനകത്തും അന്യസംസ്ഥാനങ്ങലിലും ഉള്ള മലയാളികളും പ്രവാസി ഭാരതീയരുമാണ്. കെ.എസ്.ഐ.ഡി.സി.യുടെ അറിവിൽ വിദേശക്കമ്പനികളിൽ നിന്നുള്ള ഒരു പദ്ധതി മാത്രമേ സമർപ്പിച്ചിട്ടുള്ളു. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗ് ആസ്ഥാനമായുള്ള ഹൈസൺ കേരള ടിൻ ഐലന്റ്സ് കൺസോർട്ടിയം സമർപ്പിച്ച ഇരട്ടദ്വീപും ബൃഹത് തുറമുഖപദ്ധതിയുമാണത്. പ്രസ്തുത പദ്ധതി സംസ്ഥാന തുറമുഖവകുപ്പു പരിഗണിച്ചു വരികയാണ്.

## കെ.എസ്.ആർ.റ്റി.സി.യിലെ ബസ്-സ്റ്റാഫ് അനുപാതം

*117. ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എൻ ശക്തൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിലെ ബസ്-സ്റ്റാഫ് അനുപാതം എത്രയാണ്;

(ബി) പ്രസ്തുത അനുപാതെ കുറയ്ക്കാൻ ഉദ്ദേശമുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയായി കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ടി. അനുപാതെ ലക്ഷ്യത്തിലെത്തിച്ചേരാൻ എത്ര സമയപരിധി വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. ആർ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) ബസ് ഒന്നിന് 7.34.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തെപ്പറ്റി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പഠനത്തിനുശേഷം അവസാനതീരുമാനമെടുക്കുന്നതാണ്..

(ഡി) ഈ സാമ്പത്തികവർഷം തന്നെ നടപ്പാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്..

## കെ.എസ്.ആർ.ടി.സി ബസ്സുകൾ വൃത്തിയാക്കി സർവ്വീസ് ആരംഭിക്കുവാൻ നടപടി

*118. ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ ശുചീകരിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളത്;

(ബി) കെ.എസ്സ്.ആർ.ടി.സി. ബസ്സുകൾ ദിവസവും കഴുകി വൃത്തിയാക്കിയാണോ സർവ്വീസ് ആരംഭിക്കുന്നത് ; ഇല്ലെങ്കിൽ ഇനി മുതൽ ദിവസവും കഴുകി വൃത്തിയാക്കി സർവ്വീസ് ആരംഭിക്കാൻ നിർദ്ദേശം നൽകുമോ;

(സി) മിക്ക സൂപ്പർ ഫാസ്റ്റ്, ലിമിറ്റഡ് സൂപ്പർഫാസ്റ്റ് ബസ്സുകളുടേയും ഉള്ളിൽ പേപ്പറുകളുടേയും മാലിന്യവസ്തുക്കളുടേയും അവശിഷ്ടങ്ങൾ കിടന്ന് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് തടയാൻ ബസ്സുകൾ ദിവസവും കഴുകി വൃത്തിയാക്കി സർവ്വീസ് ആരംഭിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

**ഉത്തരം**

**ശ്രീ. ആർ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി) :-**

(എ) എല്ലാ ഗാരേജുകളിലും ഹൈപ്രഷർ കാർ വാഷർ നൽകിയിട്ടുണ്ട്. ഓപ്പറേറ്റിംഗ് സെന്ററുകളിൽ (കാർവാഷർ ഇല്ലാത്ത സ്ഥലങ്ങളിൽ) ബ്രഷ് ചെയ്തു കഴുകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ബസ്സുകൾ കഴുകി വൃത്തിയാക്കിയ ശേഷമാണ് സർവ്വീസ് ആരംഭിക്കുന്നത്. ഇതിൽ വീഴ്ച വരുത്താൻ പാടില്ല എന്ന് യൂണിറ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സൂപ്പർ ക്ളാസ് സർവ്വീസിനുള്ള എല്ലാ ബസ്സുകളും കഴുകി വൃത്തിയാക്കിയ ശേഷമേ സർവ്വീസിനു നൽകാവൂ എന്ന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തു നിന്നുള്ള കരകൗശല ഉൽപ്പന്നങ്ങളുടെ കയറ്റുമതി

*119. ശ്രീ. എം.എ. ചന്ദ്രശേഖരൻ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
പ്രൊഫസർ എ.ഡി. മുസ്തഫ :

ശ്രീ. കെ. മോഹൻകുമാർ :

ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയിൽ നിന്നുള്ള കരകൗശല വസ്തുക്കളുടെ കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ പങ്കെത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തുനിന്നുള്ള എന്തെല്ലാം കരകൗശല ഉൽപ്പന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നത്;

(സി) ഓടുകൊണ്ടുള്ള ശില്പങ്ങൾ, സ്വർണ്ണാഭരണങ്ങൾ എന്നിവയുടെ കയറ്റുമതി വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവകൊണ്ടുള്ള കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈനുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):-**

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആകെ 37.74 ലക്ഷം രൂപയുടെ കരകൗശല വസ്തുക്കൾ കയറ്റുമതി ചെയ്തിട്ടുണ്ട്.

(ബി) തേക്ക്, ഈറ്റി, ഫൈബർ, സ്ട്രോ മുതലായവ ഉപയോഗിച്ചുള്ള കരകൗശല ഉൽപ്പന്നങ്ങൾ സുരഭിയും , തടി, വെങ്കലം, വയ്ക്കോൽ, കൈതോലം, വാഴനാര്, ചിരട്ട എന്നിവയിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ കരകൗശല വികസന കോർപ്പറേഷനും കയറ്റുമതി ചെയ്യുന്നു.

(സി) തബൽ മെറ്റൽ കൊണ്ടുള്ള പുതിയ മാതൃകയിലുള്ള ശിൽപ്പങ്ങലും മറ്റ് ഉല്പ്പന്നങ്ങളും നിർമ്മിക്കുന്നു. സ്വർണ്ണാഭരണങ്ങൽ കയറ്റുമതി ചെയ്യുന്നില്ല.

(ഡി) പുതിയ ഡിസൈനുകളിലുള്ള ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ നിർമ്മിച്ച് പ്രൈമറി സംഘങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ ഡവലപ്മെന്റ് കമ്മിഷണർ (ഹാന്റിക്രാഫ്റ്റ്സ്) ന്റെ സഹായത്തോടെ ട്രെയിനിംഗ്, ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് സെമിനാറുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. കരകൗശല വികസന കോർപ്പറേഷൻ, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ ഡിസൈനുകൾ കേന്ദ്ര കരകൗശല കമ്മീഷണറേറ്റിന്റെ ബാംഗ്ളൂരിൽ പ്രവർത്തിക്കുന്ന ഡിസൈൻ ആന്റ് ഡവലപ്മെന്റ് സെന്ററിൽ നിന്ന് ലഭ്യമാക്കി വരുന്നു.

## തൊഴിൽ സാമൂഹ്യസുരക്ഷാരംഗത്തിന്റെ വികസനത്തിനായി എ.ഡി.ബി. സഹായത്തിൽനിന്നും നിശ്ചിത തുക വിനിയോഗിക്കണമെന്ന വ്യവസ്ഥ

*120. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഡി.ബി. നൽകിയ സഹായത്തിൽനിന്ന് തൊഴിൽ സാമൂഹ്യസുരക്ഷാ രംഗത്തിന്റെ വികസനത്തിനും പരിഷ്ക്കരണത്തിനും ആയി നിശ്ചിത തുക വിനിയോഗിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ രംഗത്ത് നടത്താനുദ്ദേശിക്കുന്ന വികസനപരിഷ്ക്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ആവശ്യത്തിനായി മാറ്റിവച്ചിട്ടുള്ള തുക എത്രയാണെന്നറിയിക്കാമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽവകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി) സോഷ്യൽ ഡെലിവറി പോളിസി സെല്ലിനുവേണ്ടി 37-40 ലക്ഷം രൂപയും പോവർട്ടി ഡേറ്റാബേസ് ആന്റ് മെയിന്റനൻസിന് 10 കോടി രൂപയും, പൈലറ്റ് സ്കീം ഫോർ സോഷ്യൽ സേഫ്റ്റി നെറ്റ് ഫോർ ദ ഡെസ്റ്റിട്യൂട്ടിന് 48 കോടി രൂപയും പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർക്ക് വി.ആർ.എസ്. നൽകുന്നതിന് 84 കോടി രൂപയും നടപ്പു സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ വഴി ലഭ്യമാകുന്ന എ.ഡി.ബി. ധനസഹായം ഉപയോഗിച്ച് നടത്താൻ ഉദ്ദേശിക്കുന്ന 'സർക്കാർ നവീകരണ പരിപാടിയുടെ' വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.